# 2022-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

2023 മാർച്ച് 17-ാം തീയതി സമർപ്പിച്ചത്

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**2022-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട്
കമ്മിറ്റി റിപ്പോർട്ടും റിപ്പോർട്ട് ചെയ്ത
പ്രകാരമുള്ള ബില്ലും**

# ഉള്ളടക്കം

*പേജ്*

| | | | |
|---|---|---|---|
| 1. | സമിതിയുടെ ഘടന | .. | v |
| 2. | റിപ്പോർട്ട് | .. | 1 |
| 3. | അനുബന്ധം: | | |
| | I. വിയോജനക്കുറിപ്പ് | .. | 3 |
| | II. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 5 |

# സബ്ജക്ട് കമ്മിറ്റി IX
# തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും
# (2021-2023)

**ഘടന**

ചെയർമാൻ

ശ്രീ. എം. ബി. രാജേഷ്,
തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി

എക്സ്-ഒഫീഷ്യോ അംഗങ്ങൾ

ശ്രീ. കെ. രാജൻ,
റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി.

ശ്രീ. വി. അബ്ദുറഹിമാൻ,
ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി.

അംഗങ്ങൾ

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. പി. ബാലചന്ദ്രൻ

ശ്രീമതി കാനത്തിൽ ജമീല

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. വി. കെ. പ്രശാന്ത്

ശ്രീ. റോജി എം. ജോൺ

ശ്രീ. പി. ഉബൈദുള്ള

ശ്രീ. ടി. ജെ. വിനോദ്.

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജൂം, ജോയിന്റ് സെക്രട്ടറി

ശ്രീമതി സുദർശന കെ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജോമി കെ. ജോസഫ്, അണ്ടർ സെക്രട്ടറി.

# 2022-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്കയച്ച 2022-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ (ബിൽ നമ്പർ 146) സമിതി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2022-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ 2022 നവംബർ 19-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2023 ഫെബ്രുവരി 27-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേ ദിവസം തന്നെ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2023 മാർച്ച് 16-ാം തീയതി സമിതി യോഗം ചേർന്ന് ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടുകൂടി അംഗീകരിക്കുകയും ചെയ്തു.

(i) പീഠികയിൽ തത്വപ്രഖ്യാപന വാക്യത്തിലെ "എഴുപത്തിമൂന്നാം" എന്ന വാക്കിനു പകരം "എഴുപത്തിനാലാം" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ii) ഖണ്ഡം 1(1)-ൽ "2022" എന്നുള്ളത് "2023" എന്ന് മാറ്റം വരുത്തേണ്ടതാണ്.

4. മറ്റ് ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

5. വിയോജനക്കുറിപ്പും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും അനുബന്ധമായി ചേർത്തിരിക്കുന്നു.

തിരുവനന്തപുരം,
2023, മാർച്ച് 17.

**എം. ബി. രാജേഷ്,**
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി IX.*

അനുബന്ധം I

## വിയോജനക്കുറിപ്പ്

2019 നവംബർ 7-ാം തീയതിയോ അതിന് മുമ്പോ ഏതെങ്കിലും വ്യക്തിയോ സ്ഥാപനമോ അനധികൃതമായി ഏതെങ്കിലും ഭൂവികസനമോ കെട്ടിട നിർമ്മാണമോ പുനർനിർമ്മാണമോ കൂട്ടിച്ചേർക്കലുകളോ നടത്തിയിട്ടുണ്ടെങ്കിൽ നിർണ്ണയിക്കപ്പെട്ട പ്രകാരം രാജിയാക്കൽ ഫീസ് ഈടാക്കി പ്രസ്തുത ഭൂവികസനമോ, കെട്ടിട നിർമ്മാണമോ പുനർനിർമ്മാണമോ ക്രമവൽക്കരിക്കുന്നതിനാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്.

പഞ്ചായത്ത്‌രാജ് നിയമങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് വീഴ്ച സംഭവിക്കുന്നതിനാൽ ബില്ലിനോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

പി. ഉബൈദുള്ള (ഒപ്പ്)

ടി. ജെ. വിനോദ് (ഒപ്പ്)

അനുബന്ധം II

# 2022-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

[അടിയിൽ വരച്ചത് സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികളെ സൂചിപ്പിക്കുന്നു]

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വീണ്ടും ഭേദഗതി

ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിനാലാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2023-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 235-എബി വകുപ്പിനുള്ള ഭേദഗതി.— 1994-ലെ കേരള പഞ്ചായത്ത് രാജ് (1994-ലെ 13) ആക്റ്റിലെ 235 എബി വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ "2017 ജൂലൈ 31-ാം തീയതിയോ" എന്ന അക്കങ്ങൾക്കും വാക്കുകൾക്കും ചിഹ്നത്തിനും പകരം "2019 നവംബർ 7-ാം തീയതിയോ" എന്ന അക്കങ്ങളും വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2023, മാർച്ച് 16.

എ. എം. ബഷീർ,
*സെക്രട്ടറി.*